പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3557** **08.11.2019 ൽമറുപടിയ്ക്ക്**

## അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകൾ

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരത്തുനിന്നും വേളാങ്കണ്ണി, നാഗപട്ടണം. പോണ്ടിച്ചേരി എന്നിവിടങ്ങളിലേക്ക് അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകൾ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലുള്ള കരാറുകൾ പ്രകാരം സ്വകാര്യ ബസ്സുകൾക്ക് തിരുവനന്തപുരത്ത് നിന്നും വേളാങ്കണ്ണി. നാഗപട്ടണം, പോണ്ടിച്ചേരി എന്നിവിടങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടില്ലാത്തതാണ്. തിരുവനന്തപുരം-വേളാങ്കണ്ണി റൂട്ടിലും, എറണാകുളം-പോണ്ടിച്ചേരി റൂട്ടിലും കെ.എസ്.ആർ.ടി.സി.യ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നതുമൂലമാണോ തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണി അടക്കമുള്ള പ്രദേശങ്ങളിലേക്ക് തിരുവനന്തപുരത്ത് നിന്ന് ബസ്സുകൾ സർവ്വീസ് ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത പ്രദേശങ്ങളിലേക്ക് കളിയിക്കാവിളയിൽ നിന്നും ബസ്സുകൾ സർവ്വീസ് ആരംഭിക്കുന്നതു മൂലം പൊതുജനങ്ങൾക്കും തീർത്ഥാടകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ